പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1232 07.06.2018-ൽ മറുപടിയ്ക്ക്

## ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണുള്ളത് ;വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന കാര്യം സർക്കാർ തീരുമാനമെടുത്തിട്ടില്ല. |
| (ബി) വെള്ളറട ഗ്രാമപഞ്ചായത്തിലെ ഒഴുകുപാറ-നാട്ടുപാറ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിനായി സമർപ്പിച്ചിരുന്ന അഭ്യർത്ഥന പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ധാരാളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ റോഡുകളൊന്നും തന്നെ സർക്കാർ ഏറ്റെടുത്തിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളൊന്നും ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്നതാണ് മന്ത്രിസഭാ തീരുമാനം. |

സെക്ഷൻ ഓഫീസർ